**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** | **07-02-2023 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി റോഡുകളുടെ പരിപാലനത്തിനും അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നിരത്ത് വിഭാഗം, നിരത്ത് പരിപാലന വിഭാഗം എന്നിവ മുഖേന നടപ്പിലാക്കി വരുന്നു. ബാധ്യത കാലയളവിൽ അല്ലാത്തതും നിലവിൽ മറ്റ് പ്രവൃത്തികൾ നടപ്പിലാക്കി വരാത്തതുമായ എല്ലാ റോഡുകളും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തി പരിപാലിക്കുന്നതാണ്. നിലവിൽ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ I, റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ II ഫേസ് I എന്നിവയിൽ ഉൾപ്പെടുത്തി 12332 കിലോമീറ്റർ റോഡുകൾ പരിപാലിച്ചു വരുന്നു. റണ്ണിംഗ് കോൺട്രാക്ടിനായി ഈ സാമ്പത്തിക വർഷം 183.4 കോടി രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ട് - 2 ഫേസ് II വിനായി ഈ തുക വിനിയോഗിക്കും. 7685.054 കി.മീ. റോഡ് ഇതിലൂടെ സംരക്ഷിക്കാനാണ് പദ്ധതി തയ്യാറാക്കുന്നത്.<br><br>റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി ജില്ലാതലത്തിൽ വിലയിരുത്തു ന്നതിനായി 19.09.2022 - ലെ ജി.ഒ (ആർ.റ്റി) നം.942/2022/പൊ.മ.വ. പ്രകാരം ചീഫ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടുന്ന ഇൻസ്പെക്ഷൻ ടീമും, 13.10.2022 - ലെ ജി.ഒ |

| | | | |
|---|---|---|---|
| | | | (ആർ.റ്റി) നം.1012/2022/പൊ.മ.വ. പ്രകാരം നിരത്തു വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സർക്കിൾ തല ഇൻസ്പെക്ഷൻ ടീമും രൂപീകരിച്ചിട്ടുണ്ട്. മേൽ ടീമുകൾ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>ബാധ്യത കാലയളവിൽ ഉള്ള റോഡുകളിൽ തകരാറുകൾ ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ തന്നെ അത് പരിഹരിച്ചുവരുന്നു. ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ബാധ്യത കാലയളവിൽ ഉള്ള എല്ലാ റോഡുകളിലും ഡി.എൽ.പി ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകളിൽ State (OR) – ൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികൾ നടപ്പിലാക്കാറുണ്ട്. |
| (ബി) | മണ്ഡല കാലം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ശബരിമല റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിച്ചിരുന്നോയെന്ന് വിശദമാക്കുമോ; | (ബി) | ശബരിമല തീർത്ഥാടനകാലത്തിനു മുൻപെ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് പ്രത്യേക ശ്രദ്ധ തന്നെ പൊതുമരാമത്ത് വകുപ്പ് പതിപ്പിച്ചിരുന്നു. മന്ത്രിതലത്തിൽ പ്രത്യേക യോഗം ചേർന്ന് പ്രവൃത്തികൾക്ക് കൃത്യമായ സമയക്രമം നിശ്ചയിച്ചു. സമയക്രമം പാലിച്ചു എന്ന് ഉറപ്പ് വരുത്താൻ ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി. തുടർന്ന് പൊതുമരാമത്ത് മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും അടങ്ങിയ സംഘം റോഡുകളിലൂടെ യാത്ര ചെയ്ത് സ്ഥിതി വിലയിരുത്തി. ആവശ്യമായ ഇടങ്ങളിൽ ഇടപെടലുകൾ നടത്തി ഇത്തരം ഇടപെടലുകളെ തുടർന്ന് മണ്ഡലകാലം ആരംഭിക്കും മുൻപ് ശബരിമലയിലെ പൊതുമരാമത്ത് റോഡുകൾ പൂർണ്ണ ഗതാഗതയോഗ്യമാക്കാൻ സാധിച്ചിരുന്നു. |
| (സി) | പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പരിശോധനകൾ ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പ്രവൃത്തി ഇടങ്ങളിൽ എത്തി തത്സമയം പരിശോധിക്കാനാകുന്ന ഓട്ടോമേറ്റഡ് മൊബൈൽ ലാബ് സജ്ജമാക്കിയിട്ടുണ്ട്. 3 ഓട്ടോമേറ്റഡ് മൊബൈൽ ലാബാണ് പ്രവർത്തനം ആരംഭിക്കുക. ഇതോടെ പ്രവൃത്തികളുടെ ഗുണ പരിശോധന ഉറപ്പാക്കാനാകും.<br><br>പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിന് മൂന്ന് തലത്തിലുള്ള ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായുള്ള വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം മുഖേന നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുകയും അനന്തര നടപടികൾ സ്വീകരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ